വാടാനപ്പള്ളിയിലും കയ്പമംഗലത്തും 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കാൻ നടപടി

102 (2680) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളിയിലും, കയ്പമംഗലത്തും 33 കെ.വി.സബ്സ്റ്റേഷനുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സബ്സ്റ്റേഷനുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഓരോ സബ് സ്റ്റേഷനുകൾക്കും എന്തു തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മേല്പറഞ്ഞ സബ്സ്റ്റേഷനുകളുടെ പണിക്കുള്ള ടെന്റർ ഷെഡ്യൂൾ പരിശോധിച്ചു വരികയാണ്.

(ഡി) ഓരോ സബ്സ്റ്റേഷനും 176 ലക്ഷം രൂപ വീതം ചെലവാകുമെന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്.

എളയാവൂർ ടെമ്പിൾ റോഡ് പ്രദേശത്തെ വൈദ്യുതി തടസ്സം നീക്കാൻ നടപടി

103 (2681) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ താഴെ ചൊവ്വ സബ്സ്റ്റേഷന്റെ കീഴിൽ വരുന്ന എളയാവൂർ ടെമ്പിൾ റോഡ് പ്രദേശത്തെ ഇരുപതോളം വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ ;

(സി) നടപടി എടുത്തില്ലെങ്കിൽ പരാതി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പ്രസ്തുത പ്രദേശം ഉൾക്കൊള്ളുന്ന പുളുക്കോം പാലം-എളയാവൂർ വോൾട്ടേജ് ഇൻപ്രൂവ്മെന്റ് ജോലിക്കായി അൻപത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപയുടെ ഒരു എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്തിട്ടുണ്ട്. ഈ എസ്റ്റിമേറ്റ് പ്രകാരം 270 മി.എൽ.റ്റി. ഡ്യൂപ്ലിക്കേറ്റ്ഫിഡറും പുതിയ 70 മീറ്റർ 3 ഫേസ് ലൈനിലും നിലവിലുള്ള 260 മീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കുകയും ചെയ്തു. പ്രസ്തുത ജോലി ഉടനടി ആരംഭിക്കുന്നതാണ്.

കേരളത്തിൽ എനർജി മാനേജ്മെൻറിന്റെ പ്രവർത്തനം

104 (2682) ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തന മേഖല എന്താണെന്നും ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്നു വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും ഈ സ്ഥാപനത്തിലേക്കുള്ള ജീവനക്കാരുടെ നിയമന രീതി എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിൽ 55 വയസ്സു കഴിഞ്ഞവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; എങ്കിൽ അവർ എത്ര പേരുണ്ട്;

(ഇ) 55 വയസ്സു കഴിഞ്ഞവർ സർവീസിൽ തുടരുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) എനർജി മാനേജ്മെന്റ് സെന്റർ എന്ന സ്ഥാപനം 1955-ലെ തിരു-കൊച്ചി സാഹിത്യ-ശാസ്ത്രീയ-ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ടനുസരിച്ച് 1996 ഫെബ്രുവരി മാസം 7-ാം തിയതി രജിസ്റ്റർ ചെയ്യപ്പെട്ടു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനോൽഘാടനം 1997 ഫെബ്രുവരി 24 ന് നടന്നു.

(ബി) എല്ലാത്തരത്തിലുമുള്ള ഊർജ്ജരൂപങ്ങളുടെയും കാര്യക്ഷമമായ ഉപയോഗം, സംരക്ഷണം പുതിയ ഊർജ്ജമേഖലകൾ കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾ പരിപോഷിപ്പിക്കൽ, ആധുനിക ഊർജ്ജ സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് വിവിധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സ്ഥായിയായ ഊർജ്ജസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനമേഖലകൾ. എനർജി മാനേജ്മെന്റ് സെന്റർ ഇപ്പോൾ നടത്തി വരുന്നപ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly